# DIGITAL MAGAZINE

# മയിൽപ്പീലി



## ELENTHIKARA HIGH SCHOOL

# ആശംസകൾ



School manager
C S WILSON

# ആശംസകൾ




പ്രധാനധ്യാപിക

## സി ആർ ലത

കൈറ്റിൻെറ നേതൃത്വത്തിൽ രുപം കൊള്ളുന്ന
ഡിജിറ്റൽ മാഗസീന് എല്ലാവിധ
ഭാവുകങ്ങളും നേരുന്നു......

# ആശംസകൾ



P T A President

Sajiv  C  A

കൈറ്റിൻെറ നേതൃത്വത്തിൽ രൂപം കൊള്ളുന്ന ഡിജിറ്റൽ മാഗസീന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു......

# അണിയറപ്രവർത്തകർ





# എന്റെ ഗ്രാമം

കേരളത്തിൽ എറണാകുളം ജില്ലയിലെ പറവൂർ താലൂക്കിൽ പുത്തൻവേലിക്കര പഞ്ചായത്തിലെ ഒരു ചെറു ഗ്രാമമാണ് എളന്തിക്കര. എളന്തിക്കര ഗ്രാമത്തിൽവച്ചാണ് ചാലക്കുടിപ്പുഴ പെരിയാർ നദിയുമായി സംഗമിക്കുന്നത്. പറവൂരിനെ തൃശ്ശൂരിലെ മാളയുമായി ബന്ധിപ്പിക്കുന്ന പാതയിലാണ് ഈ ഗ്രാമം സ്ഥിതിചെയ്യുന്നത്. വടക്കൻ പറവൂരാണ് ഈ ഗ്രാമത്തിന് ഏറ്റവും അടുത്തുള്ള പട്ടണം. ഇവിടുത്തെ ആദിമ നിവാസികൾ "ഇളയ നന്തി" അല്ലെങ്കിൽ "ഇളയ ഭഗവതിയെ" ആരാധിച്ചിരുന്നതിനാലാണ് ഈ സ്ഥലത്തെ എളന്തിക്കര എന്ന് വിളിച്ചിരുന്നതെന്നാണ് ഐതിഹ്യം.

# എന്റെ വിദ്യാലയം

എറണാകുളം ജില്ലയുടെ വടക്കേ പടിഞ്ഞാറതിർത്തിയിൽ ചാലക്കുടിയാറും പെരിയാറും സംഗമിക്കുന്ന ഗ്രാമമാണ് ഇളന്തിക്കര ഒരു ജനതയുടെ യഥാർത്ഥ മോചനം വിദ്യാഭ്യാസത്തിലൂടെ ആകണമെന്ന ലക്ഷ്യംമുൻനിർത്തി യശഃശരീരനായ ഡോ: ചെറുകളത്തിൽ ശങ്കരൻ സ്ഥാപിച്ചതാണ് ഈ സരസ്വതീക്ഷത്രം. 1948 ൽ എറണാകുളം ജില്ലഎന്റെ വിദ്യാലയിലെ വടക്കൻ പറവൂർ താലൂക്കിൽപ്പെട്ട വില്ലേജിൽ ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ടു. ആദ്യ ഹെഡ്മാസ്റ്റർ ചാക്കുണ്ണിയായിരുന്നു ആദ്യമായി പ്രവംശനം നേടിയകുട്ടി എം.എം. ഏല്യയായിരുന്നു. ആദ്യ എസ്.എസ്.എൽ.സി ബാച്ച് 1953-ൽ 35 വിദ്യാർത്ഥികൾ പരീക്ഷയെഴുതി. 1980 - ൽ പൊയ്യ, കുഴൂർ, കുന്നുകര, ചേന്ദമംഗലം, പുത്തൻവേലിക്കര, എന്നീ പഞ്ചായത്തുകളിൽ നിന്നായി 2147 കുട്ടികൾ ഹൈസ്ക്കളിൽ പഠിച്ചിരുന്നു. ഈ അദ്ധ്യയന വർഷത്തിൽ (2018-2019) 702 വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നുണ്ട്. പാഠ്യേതര പ്രവർത്തനങ്ങലിൽ ഇ വിദ്യാലയം ശ്രദ്ധേയമായ നേട്ടങ്ങൽ കൈവരിച്ചിട്ടുണ്ട്.


Little KITEs
ലിറ്റിൽ കൈറ്റ്സ്
ഐ. ടി. ക്ലബ്ബ്
നമ്പർ : LK/2018/25033
ഇളന്തിക്കര ഹൈസ്കൂൾ
ഇളന്തിക്കര
ഫോൺ : 0484 2487518






ELENTHIKARA HIGH SCHOOL
EDUCATIONAL INSTITUTION BUS
Mahindra
EXCELO
KL 42 M 9928

# BUTTERFLY GARDEN

















# SPC BATCH



# SPC


School Zone
30
Go Slow




School Zone
30
Go Slow




School Zone
30
Go Slow


30
Go Slow

# PTA MEETING
















## ബാല്യകാലോർമകൾ



എരിയുന്ന കടലിലൊരിളം തെന്നലായെത്തും
മഴവില്ലു പോലെയെൻ  ബാല്യകാലോർമകൾ
മാമ്പഴം കവിതയും കണക്കിലെക്കളികളും
കൂടിക്കലർന്നൊരെൻ ബാല്യകാലോർമകൾ

സുഹൃത്തെന്ന സമ്പാദ്യമല്ലയോ നിത്യവും
ജീവിതസ്മരണയിൽ  ഓടിയെത്തുന്നത്
ഗുരുവിൽനിന്നുയരുന്ന വാക്കുകളോരോന്നും
നിത്യവുമെൻ നെഞ്ചിൽ താളമായ് മാറുന്നു

കുട്ടിക്കുസൃതിയും കൗമാരദേഷ്യവും
ഇപ്പോഴെനിക്കെല്ലാം താളമായ് മാറുന്നു
ഓണത്തിനെത്തും മാവേലിപോലെന്നിൽ
അലയടിക്കുന്നൊരാ മധുരമാമോർമകൾ

ഏറെനൊളർപ്പിച്ച ദേഷ്യവും ഹർഷവും
ഇന്നെനിക്കപ്പോഴോ സ്നേഹമായ് മാറുന്നു
കാലമെനിക്കർപ്പിച്ച സമ്മാനമല്ലയോ
എന്നും കൊതിക്കുന്ന ബാല്യകാലോർമകൾ

ദേവനന്ദ പി എസ് 9 B

## യാത്രാവിവരണം



അനുലക്ഷ്മി പി എ 6 B

ഞാനും എൻെറ ചേച്ചിമാരും ചേട്ടനും ഞായറാഴ്ച്ച ഉച്ചയ്ക്ക് ഒരു രണ്ടുമണിയോട് കൂടിയാണ് ഹിൽപാലസിലേക്ക് പോയത്. അവിടെ മുൻവശത്തായി ഇരുവശത്തും 20,30തോളം പടികളുണ്ട്.കാറ്റത്ത് ആടിയുലയുന്ന പല വർണ്ണത്തിലുള്ള പൂങ്കുലകളാണ് ആദ്യം തന്നെ ഞാൻ കണ്ടത്..അതുകാണാൻ എന്തു ഭംഗിയാണ് ?അത് കണ്ട് കണ്ട് ഞങ്ങൾ പാലസിൻെറ ഉള്ളിലേക്ക് കയറിയപ്പോൾ ഒരു ഭംഗിയുള്ള ആനയുടെ പ്രതിമ.പിന്നീട് കുറേ ചവിട്ട് പടികൾ....കുറച്ചങ്ങ് നടന്ന് നോക്കിയപ്പോൾ രാജാവിൻെറയും റാണിയുടെയും പല തരത്തിലുള്ള വൈരവും രത്നവും പതിപ്പിച്ച ആഭരണങ്ങൾ.....മനോഹരമായ കിരീടങ്ങൾ...

ഇതെല്ലാം കാണിച്ചു തരാനും അറിവ് പകർന്ന് തരാനും ഒരു ഗൈഡ് ഞങ്ങളുടെ ഒപ്പം വന്നു.വാളുകൾ രാജാവിൻെറ പല്ലക്കുകൾ കല്ലിൽ എഴുതിവച്ചിരിക്കുന്ന ലിഭികൾ അങ്ങനെ അവിടെ ധാരാളം കാഴ്ച്ചകളുണ്ടായിരുന്നു. ഇവിടെയാണ് മണിചിത്രത്താഴ് സിനിമ ഷൂട്ട് ചെയ്തത്.  കുറെ അധികം മാനുകളും ഉണ്ടായിരുന്നു.അങ്ങനെ പലതും കണ്ടു. ജാറയുമുണ്ടായിരുന്നു.പിന്നീട് ഞങ്ങൾ കുളത്തിൽപ്പോയ ി.എല്ലാം കണ്ടുകഴിഞ്ഞ് ഞങ്ങൾ വീട്ടിലേക്ക് തിരികെ മടങ്ങി.

# The Scary Night's Of Flooded Days

Ayush K Biju

I can't remember the days of the flooded days in Kerala. It was horrible dreams on those night. Even for one second I can't relaxily close my eyes. When ever I see a field near any lake it was flooded with water, and when I saw children's faces whose house were flooded with water, I feel mercy for those kids and their family. Many people were scared. Some people fall into the mouth of death during these days. But, after the flood only some where there who can't recover from the dangerous flood. I can't think of a bigger flood than this one. It is sure that it was a fearful days.




# രാത്രി



അനുലക്ഷമി.പി.എ


രാത്രി പിറന്നാലെന്തഴക്-
അന്തി വിണ്ണിനെന്തഴക്
അന്തിച്ചോപ്പാണങ്ങകലെ-
കാണാനെന്തഴകാണ്
പറവക്കൂട്ടം ചേക്കേറാൻ
പാട്ടും പാടിപോകുന്നു
കൂടില്ലാത്തെവെൺ മുകിലു-
കൾ പാറി പോകുന്നു.
അങ്ങകലെത്തൊരു നക്ഷത്രം-
കണ്ണ് മിഴിച്ച് നിൽക്കുന്നു.
മണ്ണിലെ കളികൾ മതിയാക്കി-
കുട്ടനും കൂട്ടരുമോടുന്നു.

# ഒരു പാവം തത്ത കുഞ്ഞ്



ഒരു ദിവസം ഒരു കാട്ടിൽ തത്ത ഉണ്ടായിരുന്നു.എവിടെയും താമസിക്കാൻ സ്ഥലം കിട്ടാതെയിരിക്കേ ഒരു ആൽമരമുത്തശ്ശിയെ കണ്ടു.ആ ആൽമരം തത്തയോടു പറഞ്ഞു തത്തകുഞ്ഞേ നീ ഇവിടെ വരൂ ഞാൻ നിന്നെ എന്റെ ചില്ലകളിൽ താമസിപ്പിക്കാം .തത്തയ്ക്ക് ഏറെ സന്തോഷമായി . തത്ത അവിടേയ്ക്ക് പറന്നു ചെന്നിട്ട് പറഞ്ഞു.നിങ്ങൾക്ക് നല്ല അനുഗ്രഹങ്ങൾ ലഭിക്കും. പിന്നെ അത് കൂടിനുള്ളിൽ കയറിയിരുന്നു.അങ്ങനെ മാസങ്ങൾ കഴിഞ്ഞു.തത്ത മുട്ടകളിട്ടു.മുട്ടകൾ വിരിഞ്ഞു. അഞ്ച് നല്ല ഭംഗിയുള്ള കുഞ്ഞുങ്ങൾ.അമ്മ തത്തമ്മയ്ക്ക് സന്തോഷമായി.അമ്മതത്ത തീറ്റതേടിപോയി.അങ്ങനെ കൂടുതൽ പഴങ്ങളും എല്ലാം തത്തകുഞ്ഞിനു കൊടുത്തു.എല്ലാ കുഞ്ഞുങ്ങൾക്കും സന്തോഷമായി.പറക്കാൻ മോഹംതോന്നി തത്തമ്മ കുഞ്ഞുങ്ങളെ പറക്കാൻ പഠിപ്പിച്ചു. അങ്ങനെയിരിക്കെ ഒരുദിവസം ആ മരത്തിന് തീ പിടിച്ചു. ആൽമരമുത്തശ്ശി മരിച്ചു.തത്തകുഞ്ഞുങ്ങളും തത്തമ്മയും രക്ഷപ്പെട്ടു.അവർ മറ്റൊരു മരത്തിലേക്ക് പോയി.തങ്ങൾക്ക് ജീവിക്കാൻ ഒരിടം തന്ന ആൽമരമുത്തശ്ശിയെ ഓർത്ത് അവർ എപ്പോഴും പ്രാർത്ഥിക്കാറുണ്ട്.

joisna shaji
5 B



# സിംഹവും മാനും

ജിൽന കെ ജി

ഒരിടത്ത് ഒരിടത്ത് ഒരു മാൻ ഉണ്ടായിരുന്നു.മാൻ വിശന്ന് വലഞ്ഞ് നടക്കുമ്പോഴാണ് അതുവഴി ഒരു സിംഹം വന്നത്. സിംഹത്തെ കണ്ട് പേടിച്ച മാൻ കുറച്ച് നീങ്ങി നിന്നു. മാനിനെ കണ്ട സിംഹത്തിന് അതിനെ തിന്നാൻ കൊതിയായി.സിംഹം മാനിനോട് ചോദിച്ചു: 'എന്തിനാണ് നി എന്നെ കണ്ട് പേടിച്ചത് ?' മാൻ പറഞ്ഞു :'നീ എന്നെ കൊന്നുകളയും'. അപ്പോൾ സിംഹം മാനിനെ കൊതിപ്പിക്കാനായി പറഞ്ഞു:' നീ എത്ര സുന്തരിയാണ് ?എന്തൊരു ഭംഗിയാണ് നിനക്ക്?' സിംഹത്തിന്റെ വാക്കുകളിൽ മാൻ വീണുപോയി.പിന്നീട് സിംഹം അതിനെ ഓടിച്ച് പിടിക്കാൻ തുടങ്ങി.മാനിന് സിംഹത്തിന്റെ ലക്ഷ്യം മനസ്സിലായി. അപ്പോൾ മാൻ വേഗത്തിൽ ഓടാൻ തുടങ്ങി. ഒരു നദിയുടെ അടുത്തെത്തിയപ്പോൾ മാൻ അക്കരെയ്ക്ക് ചാടി. സിംഹം വെള്ളത്തിൽ മുങ്ങി ചത്തു. വിശന്നിരുന്ന മാൻ നദിയിലെ വെള്ളം കുടിച്ച് വിശപ്പടക്കി. സിംഹത്തിന്റെ ചതിയിൽ നിന്ന് രക്ഷപ്പെട്ട മാൻ തുള്ളിച്ചാടിപ്പോയി.

ഗുണപാഠം

എപ്പോഴും നാം ശ്രദ്ധയോടെയിരിക്കണം.മറ്റുള്ളവരുടെ വലയിൽപ്പെടാതെസുരക്ഷിതമായി മുന്നോട്ട് നീങ്ങുക.

# Beautiful  Sunshine

Swetha k s



Early Morning beautiful  sunshine
With a pleasent mind and
New thoughts
By giving new likes and dislikes

We are happy by doing our likes
Always a beautiful sunshine-
gives a positive thinking
And It make our life smiling

When a sunshine came nature
Looks like a heaven
All the people likes it
It is really a gift of god

It is really luck to enjoy the
Beauty of nature
Only some people can only
Enjoy it who loves nature.

One Sunshine can change
The world by forgotting
Sadness and become
Everlong happiness

# ഇരുണ്ട മേഘത്തിൽ  വെളുത്ത യാത്ര


ഏപ്രിൽ മാസത്തെ അവധികാലം വരാനായി ഏറെ നാളായി കാത്തിരിക്കുകയായിരുന്നു. ഒടുവിൽ അതിങ്ങ് വന്നെത്തി. അപ്പോഴേക്കും തുടങ്ങി ടൂർ പോകണം എന്ന് പറഞ്ഞ് വാശി.ഒടുവിൽ അതും സമ്മതിച്ചു കുടുംബക്കാർ എല്ലാവരും കൂടി.ഒരു ദിവസം എറണാകുളത്ത് പോയി കറങ്ങാം എന്ന് തീരുമാനിച്ചു.അങ്ങനെ ആ ദിവസം വന്നെത്തി.അന്നേ ദിവസം  രാവിലെ മഴയുടെ പെയ്ത്ത് തുടങ്ങി.യത്ര കൊളമായി എന്ന് ഞാൻ എന്റെ മനസിൽ ഉറപ്പിച്ചു. യാത്ര ചെയ്ത് അവിടെ എത്തിയ ശേഷം സിനിമ കാണാൻ തീരുമാനിച്ചു.ഞങ്ങൾക്ക് അങ്ങനെ അരവിന്ദന്റെ അദിതികൾക്ക് ടിക്കറ്റ് കിട്ടി.അതു കണ്ട് കഴിഞ്ഞതിനുശേഷം ഭക്ഷണം കഴിച്ചു. അതിനുശേഷം കറങ്ങി നടന്നു.അതിനുശേഷം മറൈൻഡ്രൈവിൽ ബോടിങ്ങിന് പോവാൻ തീരുമാനിച്ചു. മഴവരാൻ വേണ്ടി മേഘം ഇരുണ്ടു കറുത്തു മേത്തെല്ലാം കുളിരു കോരുന്നു പല്ലും മുട്ടുമെല്ലാം  കൂട്ടിയിടിക്കാൻ തുടങ്ങി.ഞങ്ങൾ കടലിനു നടുക്കുകൂടി ബോട്ടിങ്ങിനു പോയി.ഏറെ നല്ലതായിരുന്നു അത്. എന്റെ മനസിൽ ഇന്നും അത് മായാതെ നിൽക്കുന്നു.ഇരുണ്ട മേഘത്തിനു താഴെ  വെളുത്ത യാത്ര.

വിനയ 9 C




Amarjith.p.Antony





Jodhish Joby P.

# പ്രളയം

2018-ൽ ആഗസ്ത് മാസത്തിലെ മഴയെതുടർന്ന് നിറഞ്ഞ ഇടമലയാർ ഡാം തുറന്നുവിട്ടു. അന്ന് ഞങ്ങളുടെ നാട്ടിലെ ഒട്ടുമിക്കവരുടെയും വീട്ടിൽ വെള്ളം കയറിയിരുന്നു. അങ്ങനെ തുടർന്ന് ഞങ്ങളുടെ നാട്ടിലെ കേരള ആഡിറ്റോറിയത്തിൽ ദുരിതാശ്വാസ ക്യാമ്പ് നടത്തി. ആഗസ്ത് 14-ാം തിയതി അതെല്ലാം പിരിച്ചുവിടുന്നതിന്റെ തിരക്കിലായിരുന്നു. അച്ഛനും അമ്മയും നാട്ടുകാരിൽ ചിലരും. ഞാൻ അതുകൊണ്ട് തറവാട്ടിലേക്കായിരുന്നു അന്ന് സ്കൂൾ വിട്ടശേഷം പോയത്. വൈകിയാണ് പിരിച്ചുവിടൽ അവസാനിച്ചത്. ഏതാണ്ട് ആറരയായപ്പോഴാണ് അമ്മ തറവാട്ടിലേക്ക് വന്നത്. ഞങ്ങൾ അമ്മയോടൊപ്പം വീട്ടിലേക്ക് നടന്നു. കുറച്ച് താഴ്ന്ന പ്രദേശത്തും പുഴയോട് ഏതാണ്ട് ചേർന്നു കിടക്കുന്ന സ്ഥലത്താണ് ഞങ്ങളുടെ വീട്. വീടിന്റെ അടുത്തേക്ക് ചെല്ലാൻ കുറച്ചു നടക്കണം. ഞങ്ങൾ അവിടേക്ക് ചെന്നു. അവിടെ ഞങ്ങളുടെ ഒരു ബന്ധുവിന്റെ വീടുണ്ട്. ആ വീട് കുറച്ചു പൊക്കമുള്ളതാണ്. അവിടെ ഒരു അമ്മൂമ്മയുടെ അടുത്ത് കയറിയപ്പോൾ ആണ് അവിടത്തെ അമ്മായി ഒരു കാര്യം പറഞ്ഞത്. നിങ്ങൾ എങ്ങനെ അങ്ങോട്ട് പോകും എന്ന് അമ്മായി ചോദിച്ചു. അപ്പോൾ അങ്ങോട്ട് ഞങ്ങൾ നോക്കി. നിറയെ വെള്ളം ചുറ്റിക്കിടക്കുകയാണ് ഞങ്ങളുടെ വീട്. വീടിന്റെ ഏതാണ്ട് ഒന്നര മീറ്റർ ദൂരെ വരെ വെള്ളം കയറി. ഞാൻ ബാഗെല്ലാം അവിടെ വച്ച് നടന്നു.

അനിയനെ അമ്മ എടുത്തു. ഞങ്ങൾ വെള്ളത്തിൽ
ഇറങ്ങിയപ്പോൾ മുട്ടിന് വെള്ളമുണ്ട് കുറച്ചു
സ്ഥലത്ത് മാത്രം അധികം വെള്ളമുള്ളൂ. വീട്ടിൽ
എത്തി കുറച്ചുനേരം കഴിഞ്ഞ് ഞാൻ അമ്മയോട്
മുറ്റത്തിറങ്ങി നോക്കാമെന്നൊക്കെ പറഞ്ഞു. അങ്ങനെ
നോക്കിയപ്പോൾ ഞങ്ങൾ അലക്കിവിരിച്ച തുണി
കളെല്ലാം അവിടെ പറമ്പിൽ കിടപ്പുണ്ട്. കയറിൽ
നനയുണ്ട്, പക്ഷേ എങ്ങോട്ട് പോകാൻ കഴിയില്ല.
ഞാൻ ടി.വി വച്ച് കൊണ്ടിരുന്നു. മിനിറ്റുകളിൽ
വെള്ളം വേഗത്തിൽ കയറിക്കൊണ്ടിരുന്നു. അന്ന്
ഞാനും അമ്മയും ഉറങ്ങിയതേയില്ല. അച്ഛനെ
വിളിക്കുവാൻ ഫോണിൽ കിട്ടില്ല. ആകെ
പേടിയായി. വീട്ടിലാണെങ്കിൽ ജനൽ പാളി
കൾ വച്ചിട്ടില്ല. അമ്മ വീടിനുചുറ്റും മണ്ണെണ്ണ
ഒഴിച്ചു. കുറച്ചു നേരത്തിനകം വെള്ളം
മുറ്റത്തു പരന്നു. വെള്ളത്തിലൂടെ പാമ്പുകൾ
പരക്കം പായുന്നത് ഞങ്ങൾ കണ്ടു. അനുജനെ
അമ്മ ഉറക്കികിടത്തി. വെള്ളം പൊങ്ങുമെന്ന
വാർത്ത ടി.വിയിൽ കിട്ടിയതോടെ അമ്മ തുണി
കളും സാധനങ്ങളുമെല്ലാം കെട്ടിപ്പറക്കാൻ തുടങ്ങി
പാമ്പുകൾ വരുന്നുണ്ടോയെന്ന് നോക്കി മുറ്റത്തി
രിക്കാൻ അമ്മയെന്നെ ഏൽപ്പിച്ചു. ഒരു അനക്കം
കണ്ട് ഞാൻ അമ്മയെ വിളിച്ചു. അമ്മ ഓടി
വന്നു. നോക്കിയപ്പോൾ രണ്ടു കണ്ണുകൾ
തിളങ്ങുന്നു ടോർച്ചടിച്ചു നോക്കിയപ്പോൾ
ഏകദേശം ഒരു വലിയ പാമ്പ്. ഞങ്ങൾ
മണ്ണെണ്ണ ഉം ലോഷനും തളിച്ചു.

~~അ~~ കുറച്ച് വെള്ളം ഇറങ്ങിത്തുടങ്ങിയപ്പോൾ അമ്മാവൻ വിളിച്ചു. ചിറ്റയുടെ വീട്ടിൽ വെള്ളം കയറിയില്ല എന്ന് പറഞ്ഞു. ഞാനും അനുജനും ചിറ്റയുടെ വീട്ടിലേക്ക് പോയി. രാത്രി അനുജന് അമ്മയെക്കാണണം എന്ന് പറഞ്ഞ് കരഞ്ഞ കാരണം രാവിലെ മഞ്ഞാലിയിലേക്ക് തിരിച്ചുവന്നു. അമ്മയൊക്കെ വീട് വൃത്തിയാക്കുകയാണ്. ഞാൻ വീട്ടിൽ കയറി മുറിയിലെല്ലാം നോക്കി. അടുക്കളയിലെ സീലിംഗിന്റെ പാതി പോയി. കൂടാതെ ഓടും. ~~ചളി~~ തറയിൽ നിറയെ ചെളിയുണ്ട്.


എന്റെ ഉടുപ്പുകളും അമ്മയുടെ ഭംഗിയുള്ള സാരികളുമെല്ലാം നാശമായി. ഭാഗ്യത്തിന് സ്കൂളിലെ ബുക്കുകൾ ഒന്നും തന്നെ പോയില്ല, പഴയ പാഠബുക്ക്, പ്രപഞ്ചരഹസ്യങ്ങൾ തുടങ്ങിയവ നാശമായി. ബെഡ്ഡില്ലാ കിടന്നതുകൊണ്ട് കുഴപ്പമില്ല. എന്റെ കുഞ്ഞി നാളിലെ ഫോട്ടോയെല്ലാം നാശമായി. ~~അങ്ങനെ~~ ഇതിനെല്ലാം ഇടയിലായിരുന്നു മിഞ്ചു ചേച്ചിയുടെ കല്യാണം. ~~അമ്മ~~ മഹാഭാഗ്യം, അവരുടെ വീട്ടിൽ മുട്ടിന് വെള്ളം കയറിയൊള്ളു. ~~ഈ~~ പ്രളയം എന്നെ ഒരുപാട് ഭയപ്പെടുത്തി. ഭാഗ്യമുണ്ടായതുകൊണ്ടാണ് ~~ഞാൻ~~ ഞങ്ങൾ രക്ഷപെട്ടത്.



By Arundhathi V.A.
V D (15/1/18)
Elanthikara High School



Akshay Krishna
akshay krishna



AmaR Jith.


Joby.P


Iwin Tomy


AMARJith





Joshna Mariya
S.T.D=V D
Roll no: 21






Aleena Raison

V D







Anaswara
V D
Roll NO-8.


BY Anaswara
V D
Roll No-8







by Gouri Nanda, Jiya





by

Agnes Saju

5 B






Bhadra das


VB



by
Vaishnavi h.R
Class: V B







by
Alphina Jomy
Std - V - B



Angel Rose Antony
VIII C
Roll.no : [illegible]






Anna MB
VIII C





Gowry Jayarj
VIII C


Krishna
Anjana M S
VIII C

---------


After
Before
by
VII:C
Sreelekha P.R


Save
Soils
Sivasankar/ Alan
Hrishikesh A menon


Anna Albert
VIII.C • 20

# മീനാക്ഷി




തേജാ ലക്ഷ്മി 9 C

സൂര്യൻ അസ്തമിച്ചു തുടങ്ങി. കടകൾ പലതും അടച്ചു തുടങ്ങി. സന്ധ്യയായതുകൊണ്ട് സ്ത്രീകളെയും പെൺകുട്ടികളേയും കാണാനില്ല. കുറച്ച് ആളുകൾ വേല കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുന്നു. മടങ്ങും വഴി അത്താഴത്തിനുള്ള സാധനങ്ങൾ വാങ്ങുന്നുണ്ട്. പോകുന്ന വഴിയിൽ പല വീടിനു മുമ്പിലും വിളക്ക് കത്തിച്ച് കുട്ടികൾ പ്രാർത്തിക്കുന്നുണ്ട് .

മീനുക്കുട്ടി മുറ്റത്തിറങ്ങി നിന്നു.പിന്നീട് അവൾ അകത്ത് പോയെങ്കിലും അവളുടെ മനസ്സ് പുറത്ത് തന്നെയായിരുന്നു. ഒരുപക്ഷെ അവൾ അച്ഛനെ കാത്തുനിൽക്കുകയായിരിക്കും.അവൾ അച്ഛൻ വരുന്നതിൻെറ ശബദം കേട്ടു. അവൾ മുറ്റത്തോട്ടിറങ്ങി അച്ഛനെ കെട്ടിപ്പിടിച്ചു.പക്ഷെ അച്ഛൻ അതൊന്നും കൂട്ടാക്കാതെ മീനുവിൻെറ അമ്മയുടെ അടുത്തേക്ക് നടന്നു. അമ്മ ഗർഭിണിയായതുകൊണ്ടാവാം അത്. പക്ഷെ അത് മീനുവിൻെറ മനസ്സിനെ വല്ലാതെ മുറിവേൽപ്പിച്ചു.അവൾ അവളുടെ മനസ്സിലെ സങ്കടം അടക്കിപ്പിടിച്ച് അച്ഛൻെറയും അമ്മയുടേയും അടുത്തു ചെന്നു. അവൾ അമ്മയെ വിളിച്ചെങ്കിലും അമ്മ അത് ഒരു തിരിഞ്ഞ് നോട്ടം കൊണ്ട് ഒതുക്കി.അവൽ പിന്നെ ഒന്നും മിണ്ടിയില്ല. അവൾ മൗനമായി മുറിയിലേക്ക് നടന്നു. അവളുടെ ആ സങ്കടം മനസ്സിലാക്കാൻ ആരും ശ്രമിച്ചില്ല. അങ്ങനെ ദിവസം തേറും അവൾ അവരിൽ നിന്ന് പതിയെ പതിയെ അകലാൻ തുടങ്ങി. അവൽക്ക് സ്കൂളും അവിടത്തെ ആളുകളുമായിരുന്നു ഏക ആശ്രയം. അവളെ കുറിച്ച് അറിയാൻ ശ്രമിക്കാത്ത അമ്മയും അച്ഛനും അവൾ സ്കൂളിൽ പേകുന്നതും വരുന്നതും അറിഞ്ഞിരുന്നില്ല,.

അങ്ങനെയിരിക്കെ,ഒരിക്കൽ അവൾ എത്തുന്ന സമയം കഴിഞ്ഞിട്ടും അവളെ കാണുന്നില്ല. അമ്മയുടെ ചിന്തയിൽ അവൾ വലിയകുട്ടിയല്ലേ, അവൾ എത്തുമെന്നാണ്. പക്ഷെ അച്ഛൻ എത്താറായിട്ടും അവളെ കാണുന്നില്ല.അമ്മയുടെ മനസ്സിൽ ആശങ്ക ഉയരുന്നുണ്ട്.അങ്ങനെ മീനുവിൻെറ അച്ഛനും എത്തി.എന്നാൽ മീനു എന്നിട്ടും എത്തിയില്ല. അവർ അന്വേഷണം ആരംഭിച്ചു. എന്നാൽ അവളെ കണ്ടുപിടിക്കാൻ ആയില്ല.അവൽ എവിടെപ്പോയെന്ന് ആർക്കും അറിയില്ല.അങ്ങനെ ഓരോ വർഷവും കടന്ന് പോകുമ്പോഴും അച്ഛനും അമ്മയും മീനുവിൻെറ വേർപാടോർത്ത് കരയുകയാണ്.

കണ്ണുള്ളപ്പോൾ കണ്ണിൻറെ വില മനസ്സിലാകില്ല എന്നതാണ് സത്യം



# Father

NIGELJINSON JOSEPH

He is a friend and a
shadow who will be
there for you every time
in sad and good moments
he is a adviser who
advices me and show
the right path to success
he is my dad my everything

A father guides us
he takes care of us for ever
a good dad is a good friend
who will there for you
a father is the best thing
you can have on your life
he is like our life jacket
which saves us from danger


THANKS FOR
WATCHING